പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 334 — 24.06.2014-ൽ മറുപടിയ്ക്ക്

## വൈദ്യുതി ബോർഡും ബി. എസ്. ഇ. എസ്സ്. കേരള പവർ ലിമിറ്റഡും തമ്മിലുള്ള കരാർ

ചോദ്യം

ശ്രീ. പി. തിലോത്തമൻ :
ശ്രീമതി. ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു :
ശ്രീ. വി. എസ്. സുനിൽ കുമാർ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) വൈദ്യുതി വാങ്ങുന്നതിനായി വൈദ്യുതി ബോർഡും ബി. എസ്. ഇ. എസ്. കേരള പവർ ലിമിറ്റഡും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത കരാറിലെ വ്യവസ്ഥകൾ പ്രകാരം വൈദ്യുതി വാങ്ങിയില്ലെങ്കിലും നിശ്ചിത തുക കമ്പനിക്ക് നൽകണമെന്ന് വ്യവസ്ഥ യുണ്ടോ ;

(എ) വൈദ്യുതി വാങ്ങുന്നതിനായി വൈദ്യുത ബോർഡും ബി.എസ്.ഇ.എസ് കേരള പവർ ലിമിറ്റഡ് (BKPL) എന്ന സ്വകാര്യ വൈദ്യുതി സംരംഭകരും തമ്മിൽ 03.05.1999 ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ടി സ്ഥാപനം സ്ഥാപിച്ചിട്ടുള്ള താപവൈദ്യുത നിലയം പ്രവർത്തന ക്ഷമമായ 31.10.2000 മുതൽ 15 വർഷത്തേയ്ക്കാണ് കരാറിന്റെ കാലാവധി. കരാർ പ്രകാരം വൈദ്യുതി ബോർഡ് വാങ്ങുന്ന വൈദ്യുതിക്ക് നൽകേണ്ടുന്ന നിരക്ക് രണ്ട് പാർട്ട് ആയിട്ടാണ് നിശ്ചയിച്ചിരിക്കുന്നത് ; ഫിക്സഡ് ചാർജ്ജും വേരിയബിൾ ചാർജ്ജും. പ്രതിമാസം ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ വേരിയബിൾ ചാർജ്ജിന് പുറമെ വൈദ്യുതി വാങ്ങിയാലും ഇല്ലെങ്കിലും ഫിക്സഡ് ചാർജ്ജ് നൽകേണ്ടതാണ്. വൈദ്യുതി നിലയം പ്രവർത്തന ക്ഷമമായി നിലനിൽക്കുകയും ശേഷിയുടെ 80% എങ്കിലും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ തയ്യാറാക്കിയിരിക്കുന്ന സാഹചര്യത്തിൽ, വൈദ്യുതി വാങ്ങാൻ കരാർ ചെയ്ത സ്ഥാപനം ആവശ്യപ്പെടുന്ന മുറയ്ക്ക് ഉൽപ്പാദനം നിർത്തിവെയ്ക്കപ്പെടുകയോ അല്ലെങ്കിൽ നിയന്ത്രിത അളവിൽ പ്രവർത്തിപ്പിക്കുകയോ ആണെങ്കിൽ ഫിക്സഡ് ചാർജ്ജ് നൽകേണ്ടതാണ്.

(ബി) പ്രസ്തുത കരാർ പ്രകാരം 2011 ന് ശേഷം ഓരോ വർഷവും വാങ്ങിയ വൈദ്യുതിയുടെ അളവ് എത്രവീതം, ഇപ്പോൾ വൈദ്യുതി വാങ്ങുന്നില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) 2011 ന് ശേഷം BKPL – ൽ നിന്ന് ഓരോ വർഷവും വാങ്ങിയ വൈദ്യുതിയുടെ അളവ് താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| 2011-12 | 46.61 ദശലക്ഷം യൂണിറ്റ് |
| 2012-13 | 131.3319 ദശലക്ഷം യൂണിറ്റ് |
| 2013-14 | 337.776 ദശലക്ഷം യൂണിറ്റ് |

2013-14 ൽ ഉൽപ്പാദിപ്പിച്ച 337.776 മില്ല്യൺ യൂണിറ്റിൽ 291.68 മില്ല്യൺ യൂണിറ്റ് തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിന് നൽകുകയുണ്ടായി. 2014-15 മെയ് മാസം വരെ 110.6429 ദശലക്ഷം യൂണിറ്റ് ഉൽപ്പാദിപ്പിച്ചതിൽ മുഴുവനും തമിഴ്നാടിന് നൽകുകയാണ് ചെയ്തത്.

കരാറിലേർപ്പെട്ടപ്പോൾ ടി നിലയത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഓരോ യൂണിറ്റിനും ശരാശരി 2 രൂപയിൽ താഴെ മാത്രമേ ഇന്ധന വില ഉണ്ടായിരുന്നുള്ളൂ. എന്നാൽ, ഇന്ധന വിലയിലുണ്ടായ ക്രമാതീതമായ വർദ്ധന മൂലം ടി നിലയത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വേരിയബിൾ ചാർജ്ജ് ഇപ്പോഴത്തെ നിരക്കനുസരിച്ച് 14 രൂപ 21 പൈസയാണ്. ഇലക്ട്രിസിറ്റി ആക്ട്, 2003 നിലവിൽ വന്നതിനുശേഷം ടി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം, രാജ്യത്ത് വൈദ്യുതി വ്യാപാരികൾ വഴിയും പവർ എക്സ്ചേഞ്ചുകൾ വഴിയും ശരാശരി 4 രൂപ മുതൽ 7 രൂപ വരെ നിരക്കിൽ വൈദ്യുതി ലഭ്യമാണ്. ഇക്കാരണത്താൽ വൈദ്യുതി വാങ്ങൽ ചെലവ് പരമാവധി കുറയ്ക്കുന്നതിനും ഉപഭോക്താക്കൾക്ക് പരമാവധി കുറഞ്ഞ നിരക്കിൽ വൈദ്യുതി എത്തിക്കുന്നതിന്റെയും ഭാഗമായി BKPL നിലയവുമായി കരാർ ഉണ്ടെങ്കിലും ടി നിലയത്തിൽ നിന്നുമുള്ള വിലകൂടിയ വൈദ്യുതി പരമാവധി ഒഴിവാക്കുന്നതിനാണ് വൈദ്യുതി ബോർഡ് ശ്രമിച്ച് വരുന്നത്.

(സി) പ്രസ്തുത കാലയളവിൽ ഫിക്സഡ് കോസ്റ്റ് ഇനത്തിൽ പ്രസ്തുത കമ്പനിക്ക് തുക നൽകേണ്ടി വന്നിട്ടുണ്ടോ ; വിശദമാക്കുമോ ?

(സി) 2011 മുതൽ ഫിക്സഡ് ചാർജ്ജ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| 2011-12 | 87,04,54,686/- രൂപ |
| 2012-13 | 88,42,73,871/- രൂപ |
| 2013-14 | 78,97,18,271/- രൂപ |
| 2014-15 മെയ് വരെ | 10,74,07,069/- രൂപ |

BKPL – മായി 1999 ൽ ഉണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ പ്രകാരം പ്ലാന്റ് 80 % ലഭ്യമാണെങ്കിൽ ഫിക്സഡ് ചാർജ്ജ് നൽകേണ്ടതാണ്.

**സെക്ഷൻ ഓഫീസർ.**